സ.ഉ.(സാധാ) നം.455/2022/F&WLD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് 1982-എളനാട് മുള തോട്ടത്തിൽ നിന്നും 2016-17 വർഷത്തിൽ അനുവദിച്ച അസംസ്കൃത വസ്തുക്കൾ നീക്കം ചെയ്യൽ - കാലാവധി ഒരു മാസം കൂടി ദീർഘിപ്പിച്ച് നൽകിയ നടപടി- സാധൂകരണം നല്കുന്നു- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.455/2022/F&WLD തീയതി,തിരുവനന്തപുരം, 26-10-2022

---

പരാമർശം:- 1.തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 02.06.2017 തീയ്യതിയിലെ ടിഇ-1459/2017/1-ാം നമ്പർ നടപടി ക്രമം.
2.പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് ലാന്റ് & റിസോഴ്സസ് )ന്റെ 08/08/2017,03/06/2022 തീയ്യതികളിലെ പ്രൊ(4)-26446/2016 നമ്പർ കത്തുകൾ.

**ഉത്തരവ്**

തൃശ്ശൂർ ഡിവിഷനിലെ മച്ചാട് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന 1982 എളനാട് മുള തോട്ടത്തിൽ നിന്നും അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അനുമതി ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് 2016-17 വർഷത്തിൽ ടി അസംസ്കൃത വസ്തുക്കൾ 31.06.2017-ന് മുൻപായി നീക്കം ചെയ്യണം എന്ന വ്യവസ്ഥയിൽ നൽകിയിരുന്നുവെന്നും എന്നാൽ ശേഖരിച്ച അസംസ്കൃത വസ്തുക്കൾ മുഴുവൻ നിർദ്ദിഷ്ട തീയതിക്കുള്ളിൽ നീക്കം ചെയ്യാൻ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് സാധിച്ചില്ലെന്നും ഇപ്രകാരം കരാർ കാലാവധിയ്ക്കുള്ളിൽ നീക്കം ചെയ്യാൻ സാധിക്കാതിരുന്ന 2 1 7 1 മുള കഷണങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കാലാവധി നീട്ടി നൽ കണമെന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ അപേക്ഷയുടെയും, നീക്കം ചെയ്യാതിരുന്നാൽ ഇവ മഴയത്ത് നശിച്ചുപോവും എന്ന വസ്തുതയും കണക്കിലെടുത്ത് എഗ്രിമെന്റ് കണ്ടീഷൻ (9) പ്രകാരം മെട്രിക് ടണ്ണിന് 150 രൂപ നിരക്കിൽ പിഴ ഈടാക്കിക്കൊണ്ട് അസംസ്കൃത വസ്തുക്കൾ നീക്കം ചെയ്യുന്നതിന് തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പരാമർശം (1) ലെ നടപടിക്രമം പ്രകാരം ഒരു മാസം കാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നുവെന്നും, കാലതാമസവും അതുവഴി മൂല്യ ശോഷണവും ഉണ്ടാകാതിരിക്കാൻ തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സ്വീകരിച്ച പ്രസ്തുത നടപടിയ്ക്ക് കരാറിലെ 9-ാം വ്യവസ്ഥ അനുസരിച്ച് സാധൂകരണം നൽകണമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (2) ലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച 1982-എളനാട് മുള തോട്ടത്തിൽ നിന്നും 2016-17 വർഷത്തിൽ, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അനുവദിച്ച അസംസ്കൃത വസ്തുക്കൾ നീക്കം ചെയ്യുന്ന പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ കാലാവധി നീട്ടി നല്കണമെന്ന അപേക്ഷ പരിഗണിച്ച്, കാലതാമസവും അതുവഴി മൂല്യ ശോഷണവും ഉണ്ടാകാതിരിക്കാനായി കരാർ വ്യവസ്ഥ പ്രകാരമുള്ള പിഴ മെട്രിക് ടണ്ണിന് 150 രൂപ നിരക്കിൽ ഈടാക്കി, അസംസ്കൃത വസ്തുക്കൾ നീക്കം ചെയ്യുന്നതിന് ഒരു മാസം കൂടി കാലാവധി ദീർഘിപ്പിച്ച് നൽകിയ തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UDAYAKUMAR A R
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ് തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം.
വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Ravindran C
Date: 26-10-2022 12:40:41
സെക്ഷൻ ഓഫീസർ

പകർപ്പ്-മുഖ്യമന്ത്രിയുടെ ഓഫീസിന് /വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഓഫീസിന്/വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്